# ജോലിചെയ്യുവർക്ക് വേണ്ടിയുള്ള പ്രാർത്ഥന

ജോലിചെയ്തു ജീവിച്ച എന്റെ ഈശോയെ, എന്നിൽ വിശ്വാസമർപ്പിച്ചു കൊണ്ട് എന്നെ ഭരമേൽപ്പിച്ചിരിക്കുന്ന എന്റെ ജോലിയെ പ്രതി (ജോലിയെ ഓർക്കുക) ഞാൻ അങ്ങേയ്ക്ക് നന്ദിപറയുന്നു. എന്റെ വളർച്ചയ്ക്കും, എന്റെ കുടുംബത്തിന്റെ സുസ്ഥിതിയ്ക്കും, മറ്റുള്ളവരുടെ നന്മയ്ക്കുമായി അങ്ങ് എനിക്ക് നൽകിയിരിക്കുന്ന അവസരമായി ഈ ജോലിയെ കാണുവാനും അതിൽ അഭിമാനം കൊള്ളുവാനും എന്നെ അങ്ങ് അനുഗ്രഹിക്കണമെ. നീതി ബോധത്തോടും സത്യസന്ധതയോടും കൂടെ സേവനമനുഷ്ഠിക്കാനും നിരുത്തരവാദിത്വപരമായ പെരുമാറ്റം വഴി ആരെയും വേദനിപ്പിക്കാതിരിക്കാനും അങ്ങ് എന്നെ സഹായിക്കണമെ. അങ്ങേയ്ക്ക് ഹിതകരമാം വിധം ജോലി ചെയ്ത് അങ്ങയെ മഹത്വപ്പെടുത്തുവാൻ എന്നെ അനുഗ്രഹിക്കണമെ. ഈ പ്രാർത്ഥന ഇടവക കൂട്ടായ്മ യുടെ നിയോഗത്തോടുകൂടി ഞങ്ങൾ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. ആമ്മേൻ.

Church of Our Lady of Fatima, Okhla, New Delhi-25